നമ്പർ എസ്3(എ)–37182/2015/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
ജഗതി, തിരുവനന്തപുരം,
തീയതി: 4.06.2014.

## സർക്കുലർ

വിഷയം:– പൊതുവിദ്യാഭ്യാസം –2015–16 അധ്യയനവർഷത്തെ 6–ാം പ്രവർത്തി ദിനത്തിലെ ഹാജർ പട്ടിക പ്രകാരമുള്ള റിപ്പോർട്ട് ശേഖരിക്കുന്നത് സംബന്ധിച്ച്:–

സൂചന:– 06.06.2014 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എസ് 3(എ)39251/2014/ ഡി.പി.ഐ നമ്പർ സർക്കുലർ.

സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലേയും ആറാം പ്രവർത്തിദിന വിവരശേഖരണം നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് ഈ വർഷം **ഓൺലൈൻ സോഫ്റ്റ് വെയർ സംവിധാനം** കൂടി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി സ്കൂളുകൾ www.itschool.gov.in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് **Sixth working day statement –** ലിങ്കിൽ സമ്പൂർണ്ണയുടെ യൂസർ നെയിമും പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുമ്പോൾ ആറാം പ്രവർത്തിദിന വിവരശേഖരണത്തിനുള്ള പ്രൊഫോർമ ലഭിക്കും. സമ്പൂർണ്ണയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ എണ്ണം പ്രസ്തുത പ്രൊഫോർമയിൽ കാണാവുന്നതാണ്. വിദ്യാർത്ഥികളുടെ എണ്ണത്തിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ അന്നേ ദിവസം നിശ്ചിത പ്രൊഫോർമയിൽ തന്നെ ഓൺലൈനായി തിരുത്തി പരിശോധിച്ച ശേഷം confirm ചെയ്ത് പ്രിന്റ് എടുത്ത് പ്രഥമാധ്യാപകന്റെ ഒപ്പും സ്കൂൾ സീലും വച്ച് എ.ഇ.ഒ/ഡി.ഇ.ഒ –യ്ക്ക് സമർപ്പിക്കേണ്ടതാണ്. ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത സ്കൂളുകൾ സമീപത്തുള്ള ഹൈസ്കൂളുകൾ/ എ.ഇ.ഒ/ ഡി.ഇ.ഒ ഓഫീസുകൾ–ടെ സേവനം ഈ ആവശ്യത്തിനായി വിനിയോഗിക്കേണ്ടതാണ്. ആറാം പ്രവർത്തിദിനത്തിൽ ഏതെങ്കിലും കാരണവശാൽ ഓൺലൈനിൽ കുട്ടികളുടെ എണ്ണം ഉൾപ്പെടുത്താൻ കഴിയാതെ വന്നാൽ ഐ. ടി. @ സ്കൂൾ പ്രോജക്ടിന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതും പ്രൊഫോർമയിൽ വിവരങ്ങൾ മാനുവലായി രേഖപ്പെടുത്തി അതത് വിദ്യാഭ്യാസ ഓഫീസുകളിൽ ഏൽപ്പിക്കേണ്ടതുമാണ്. തുടർന്ന് ഈ വിവരം ഓൺലൈനായും രേഖപ്പെടുത്തേണ്ടതാണ്.

സ്കൂളുകൾ ഓൺലൈനായി വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നത് പരിശോധിക്കുന്നതിന് ഐ. ടി. @ സ്കൂൾ പ്രോജക്ടിന്റെ ജില്ലാ കോർഡിനേറ്റർമാർക്ക് സൗകര്യം ഒരുക്കുന്നതാണ്. ജില്ലാ കോർഡിനേറ്റർമാർ ജില്ലയിലെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളും യഥാസമയം വിശദാംശങ്ങൾ ഓൺലൈനിൽ ഉൾപ്പെടുത്തിയെന്ന് ഉറപ്പുവരുത്തേണ്ടതും സ്കൂളുകൾക്ക് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ ഈ അധ്യയന വർഷത്തെ ആറാം പ്രവർത്തി ദിവസം വൈകീട്ട് 3 മണിക്ക് മുമ്പായി ജില്ലാ തലത്തിലുള്ള കൺസോളിഡേറ്റഡ് റിപ്പോർട്ട് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്. ഡി.ഇ.ഒ., എ.ഇ.ഒ. തലങ്ങളിലുള്ളവർക്ക് സമ്പൂർണയുടെ പാസ് വേഡ് ഉപയോഗിച്ച് ലോഗിൻ ചെയ്താൽ അതത് വിദ്യാഭ്യാസ ഓഫീസിൻ കീഴിലുള്ള സ്കൂളുകളുടെ ആറാം പ്രവർത്തിദിന കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ് ലഭിക്കും. ഓൺലൈൻ മുഖാന്തിരം ചെയ്യാൻ കഴിയാത്ത സ്കൂളുകളുടെ വിവരം കൺസോളിഡേഷൻ ലിസ്റ്റിൽ ചേർക്കേണ്ടതാണ്. കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റിന്റെ പ്രിന്റ് എടുത്ത് മേൽ ഓഫിസുകളിലേയ്ക്ക് അയക്കേണ്ടതാണ്.

4/6/15
പൊതുവിദ്യാഭ്യാസ ഡയറക്ടർ

വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ സർക്കാർ/ എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും
(എ.ഇ.ഒ /ഡി.ഇ.ഒ മുഖേന)
പകർപ്പ്: എക്സിക്യൂട്ടീവ് ഡയറക്ടർ ഐടി@ സ്കൂൾ പ്രോജക്ട്.